**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2629** **23-02-2026 - ൽ മറുപടിയ്ക്ക്**

**പുനർജനി, കെയർ ഹോം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിൽ ആരംഭിച്ച പുനർജനി പദ്ധതി, കെയർ ഹോം പദ്ധതി തുടങ്ങിയവയിലൂടെ നേടാൻ കഴിഞ്ഞിട്ടുളള നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (എ) | സഹകരണ മേഖലയിൽ ആരംഭിച്ച പുനർജ്ജനി പദ്ധതി, കെയർ ഹോം പദ്ധതി തുടങ്ങിയവയിലൂടെ നേടാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**പുനർജ്ജനി പദ്ധതി**<br><br>സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളേയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയാണ് പുനർജ്ജനി. 2022-23 സാമ്പത്തിക വർഷത്തിൽ 7 ജില്ലകളിലായി 15 സംഘങ്ങൾക്കും, 2023-24 സാമ്പത്തിക വർഷത്തിൽ 4 ജില്ലകളിലായി 10 സംഘങ്ങൾക്കും, 2024-25 സാമ്പത്തിക വർഷത്തിൽ 3 സംഘങ്ങൾക്കും ഉൾപ്പെടെ ആകെ 28 സംഘങ്ങൾക്ക് ഈ പദ്ധതിയിലൂടെ ധനസഹായം അനുവദിച്ച നൽകിയിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ പുനർജ്ജനി പദ്ധതിയിൽ ഉൾപ്പെടുത്തി ആധുനീകവത്കരണത്തിന്റെ ഭാഗമായി "Pigment Extraction Unit & Nutraceuticals" പ്രോജക്റ്റിലുൾപ്പെടുത്തി ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**കെയർ ഹോം പദ്ധതി**<br><br>2018 ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണമായും വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ചു നൽകുന്നതിനായി സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതിയാണ് കെയർ ഹോം. കെയർ ഹോം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2093 വീടുകൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ, ജമ്മു കാശ്മീരിലെ പുൽവാമ ജില്ലയിൽ ഉണ്ടായ ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച ഹവിൽദാർ വി.വി. വസന്തകുമാറിന്റെ കുടുംബത്തിന് കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിലെ പുഞ്ചുർവയലിൽ വീട് നിർമ്മിച്ച് കൈമാറിയിട്ടുണ്ട്.<br><br>2018 ലും 2019 ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുക എന്നത് ലക്ഷ്യമിട്ടുകൊണ്ട് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടം ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെയും കണ്ണൂർ ജില്ലയിൽ പന്നിയൂർ വില്ലേജിൽ 18 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റെയും നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിൽ കണ്ണാടി-2 വില്ലേജിൽ 28 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ